# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2297

## 12-02-2020 ൽ മറുപടിക്ക്

## കിഫ്ബിയെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനും കിഫ്ബിയെക്കുറിച്ച് അവലോകനം ചെയ്യുന്നതിനും ഈ അടുത്തകാലത്ത് ജില്ലാതലത്തിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഈ പരിപാടിയിൽ പങ്കെടുത്ത മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ; | അഞ്ചു വർഷം കൊണ്ട് 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പിനു കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സമഗ്രവും സുദൃഢവും സുസ്ഥിരവുമായ വികസന യജ്ഞവുമായി ആധുനിക കേരളത്തിന് കരുത്തേകുന്ന സംരംഭമായ കിഫ്ബി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നല്കി കഴിഞ്ഞു. ഇത്തരത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും കിഫ്ബിയിലൂടെയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള പ്രദർശനങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തിരുവനന്തപുരത്തും കാസറഗോഡും സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി തുടർന്ന് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതാണ്.<br>തിരുവനന്തപുരത്തും കാസറഗോഡും സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടികളിൽ ബഹു മുഖ്യമന്ത്രി , ബഹു ധനകാര്യ വകുപ്പ് മന്ത്രി , ബഹു റവന്യൂ വകുപ്പ് മന്ത്രി , ബഹു ദേവസ്വം വകുപ്പ് മന്ത്രി എന്നീ മന്ത്രിമാരും , ഇരു ജില്ലകളിലേയും എം എൽ എ മാരും പങ്കെടുത്തിരുന്നു. കൂടാതെ, കിഫ്ബിയിൽനിന്നും, വിവിധ എസ്.പി.വി കളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു. എസ്.പി.വികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പരിപാടികൾ കൊണ്ട് ഉണ്ടായ നേട്ടങ്ങൾ | നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ മോഡലുകൾ ജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുക വഴി, സ്വന്തം ജില്ലയിൽ നടപ്പിലാക്കി വരുന്ന |

| | |
|---|---|
| എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | വിവിധ പദ്ധതികളെ കുറിച്ച് പൊതു ജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ പദ്ധതികളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിനായി കിഫ്ബി സ്വീകരിക്കുന്ന നൂതന മാർഗങ്ങളെക്കുറിച്ചും, വിവിധ ധന സമാഹരണ മാർഗങ്ങളെക്കുറിച്ചും പൊതു ജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുവാൻ ബോധവൽക്കരണ പരിപാടിയിലൂടെ സാധിക്കുന്നു. ബോധ വൽക്കരണ പരിപാടിയുടെ ഭാഗമായി നടത്തുന്ന പദ്ധതി അവലോകന യോഗങ്ങൾ വഴി നിയമസഭാ സാമാജികർക്ക് അവരവരുടെ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചും, അതിന്മേലുള്ള പ്രശനങ്ങൾക്ക് പരിഹാരം കാണുന്നതിനും എസ് .പി .വി ഉദ്യോഗസ്ഥരുമായും, കിഫ്ബി ഉദ്യോഗസ്ഥരുമായി സംവദിക്കുന്നതിനും സാധിക്കുന്നു. |
| (സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയതും എന്നാൽ വർഷങ്ങളായി സാങ്കേതികത്വത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നതുമായ ഏതെല്ലാം പദ്ധതികളുടെ തടസ്സങ്ങൾ നീക്കാൻ ഈ പരിപാടികൊണ്ട് സാധിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | തിരുവനന്തപുരം, കാസർകോട് എന്നി ജില്ലകളിലാണ് കിഫ്ബി പദ്ധതികളുടെ ബോധവൽക്കരണ പരിപാടിയായ 'കേരള നിർമ്മിതി' നടന്നിട്ടുള്ളത് , ഇതിനോട് അനുബന്ധിച്ച് ഈ ജില്ലകളിലെ കിഫ്ബി പദ്ധതികളുടെ അവലോകന യോഗവും നടന്നിരുന്നു. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുന്നതായും, ഭൂരിഭാഗം പദ്ധതികളും ഈ വർഷം തന്നെ പൂർത്തിയാകാൻ സാധിക്കുമെന്നും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിച്ചിട്ടുള്ള പ്രായോഗികമായ പദ്ധതികളുടെ പ്രവർത്തനങ്ങൾ എല്ലാം സമയബന്ധിതമായി നടപ്പാക്കിവരുകയാണ്, വർഷങ്ങളായി സാങ്കേതികത്വത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഒന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) ഈ പരിപാടികൾ സംഘടിപ്പിക്കാൻ ചെലവായ തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC, Chavara) നെ ആണ് പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ളത്, അവർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ₹86,05,333 രൂപയാണ് ഒരു പ്രോഗ്രാമിന് ചിലവ് വരുന്നത്. എല്ലാ ജില്ലകളിലും നടത്താനുദ്ദേശിക്കുന്ന ബോധവൽക്കരണ പരിപാടികൾക്കായി 1,71,76,369 രൂപയാണ് നാളിതുവരെ ചിലവഴിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**തിരുവനന്തപുരത്തു വച്ചു നടന്ന ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്ത എസ്.പി.വി കൾ**

Kerala Road Fund Board (KRFB)
INFRASTRUCTURE KERALA LIMITED (INKEL Ltd)
Kerala Infrastructure and Technology for Education (KITE)
Kerala Academy for Skills Excellence -(KASE)
Kerala Industrial and Technical Consultancy Organisation (KITCO Ltd)
Kerala Water Authority
WAPCOS Ltd
Kerala State Construction Corporation Ltd (KSCC Ltd)
Roads and Bridges Development Corporation of Kerala (RBDCK)
Kerala State Housing Board (KSHB)
Kerala State Industrial Development Corporation (KSIDC)
Kerala State Coastal Area Development Corporation (KSCADC)
Kerala Irrigation Infrastructure Development Corporation Limited (KIIDC)
Kerala State Electricity Board Ltd

**കാസറഗോഡ് വച്ചു നടന്ന ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്ത എസ്.പി.വി കൾ**

Kerala Road Fund Board (KRFB)
INFRASTRUCTURE KERALA LIMITED (INKEL Ltd)
Kerala Infrastructure and Technology for Education (KITE)
Kerala Academy for Skills Excellence -(KASE)
Kerala Industrial and Technical Consultancy Organisation (KITCO Ltd)
Kerala Water Authority
WAPCOS Ltd
Kerala State Construction Corporation Ltd (KSCC Ltd)
Roads and Bridges Development Corporation of Kerala (RBDCK)
Kerala State Housing Board (KSHB)
Kerala State Coastal Area Development Corporation (KSCADC)

സെക്ഷൻ ഓഫീസർ